**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **10-06-2021 - ൽ മറുപടിയ്ക്ക്**

**പുതുതായി നിർമ്മിച്ച റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2011-2016 കാലയളവിൽ എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ; | (എ) | പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിൽ 2011-2016 കാലയളവിൽ 51 കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിക്കുകയും 7780 കിലോമീറ്റർ റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പമെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് 29.57 കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു. |
| (ബി) | 2016-2021 കാലയളവിൽ എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ? | (ബി) | 2016-2021 കാലയളവിൽ നിരത്തു വിഭാഗത്തിനു കീഴിൽ 64 കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിക്കുകയും 12115 കിലോമീറ്റർ റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു. ദേശീയപാത 85-ൽ 42 കി.മീ ഉം ദേശീയപാത 966-ൽ 47 കി.മീ യും പേവ്ഡ് ഷോൾഡറോടുകൂടിയുള്ള 2 വരിപ്പാത നിർമ്മാണം കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമാക്കി പ്രവൃത്തി പുരോഗമിച്ചു വരുന്നു. റിക്ക് ലിമിറ്റഡിന്റെ കീഴിൽ 83 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ